## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3360** **26-06-2024 - ൽ മറുപടിയ്ക്ക്**

## നിർമ്മിത ബുദ്ധി പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എത്ര ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റ് വഴി നിർമ്മിത ബുദ്ധി സംബന്ധിച്ച പരിശീലനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | പഠന പ്രവർത്തനങ്ങളിൽ നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം ആരംഭിച്ചിട്ടുണ്ട്. സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിലെ 23,000 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകി. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ അവശേഷിക്കുന്ന എല്ലാ അധ്യാപകർക്കും 2024 ഡിസംബറിനകം പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ